പ്രോജക്ട്/വർക്ക് എന്നിവയ്ക്ക് ആവശ്യമായ ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ പുറപ്പെടുവിക്കുന്നതുമാണ്.

(5) നാമമാത്രമായി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾക്ക് അധിക തുക ആവശ്യമെങ്കിൽ അനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

(6) സ്ഥിരമായതും സുദീർഘവുമായ ആസ്തി ഉളവാക്കുന്ന പ്രോജക്ടുകളും വർക്കുകളും മാത്രമേ ഈ പദ്ധതിയിൻ കീഴിൽ പരിഗണിക്കുകയുള്ളൂ.

വ്യാപാരമേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും നടപടി

166 (4520) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വ്യാപാര മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വ്യാപാരികളെ ശത്രുക്കളായി കാണാതെ വ്യാപാരി സൗഹൃദ സമീപനമാണ് വാണിജ്യ നികുതി വകുപ്പ് സ്വീകരിക്കുന്നത്. ചെക്ക്പോസ്റ്റിലെ അഴിമതി തടയുന്നതിനും വ്യാപാര മേഖലയുടെ സൗകര്യത്തിനുമായി 'അഴിമതിരഹിത വാളയാർ' പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി മഞ്ചേശ്വരത്തേയ്ക്കും അമരവിള യിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തു. 2004-05 വരെയുള്ള വർഷത്തെ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ആംനസ്റ്റി സ്കീം നടപ്പിലാക്കി. നികുതി അടയ്ക്കുന്നതിന്റെ സൗകര്യത്തിനായി ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ നടപ്പിലാക്കി. ചെക്ക്പോസ്റ്റുകളിലെ കാത്തുകിടപ്പ് ഒഴിവാക്കാനായി ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തി. സി-ഫോറം ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തി. വ്യാപാര പ്രോത്സാഹനത്തിനായി ട്രേഡ് അവാർഡുകൾ ഏർപ്പെടുത്തി. വ്യാപാരികളുടെ ഉന്നമനത്തിനായി കേരള വ്യാപാരിക്ഷേമ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി. ഇതിനു പുറമെ വ്യവസായ, വിനോദസഞ്ചാര വകുപ്പുകളുടെ സഹകരണത്തോടെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലും നടത്തി വരുന്നു.

പലിശരഹിത സൂക്ഷ്മ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

167 (4521) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പലിശയുടെ കെടുതിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് പലിശ രഹിത സൂക്ഷ്മസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന പലിശ രഹിത സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും മാനേജ്മെന്റ് വൈദഗ്ദ്ധ്യം നൽകുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ ?

ഉത്തരം

(എ & ബി) കെ.എസ്.ഐ.ഡി.സി./കേരള സർക്കാർ, സ്വകാര്യ സംരംഭകരുമായി ചേർന്ന് ഒരു പലിശരഹിത ധനകാര്യ സ്ഥാപനം ആരംഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരികയായിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെടാൻ കേരള സർക്കാരിനെയും, കേരള സർക്കാരിന്റെ കീഴിലുള്ള കമ്പനികളെയും ഹൈക്കോടതി ഇപ്പോൾ വിലക്കിയിരിക്കുകയാണ്.

സ്വകാര്യ പണമിടപാട് സംഘങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

168 (4522) ശ്രീ എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വകാര്യ പണമിടപാട് സംഘങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ പണമിടപാട് സംഘങ്ങൾ വ്യത്യസ്ഥങ്ങളായ പലിശ ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് ഏകീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരള മണിലെൻഡേഴ്സ് ആക്ട്, 1958 പ്രതിപാദിച്ച പ്രകാരം പണമിടപാട് നടത്തുന്ന വ്യക്തി അഥവാ സ്ഥാപനം പ്രസ്തുത നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ വാണിജ്യ നികുതി വകുപ്പ് കർശന നടപടികൾ സ്വീകരിക്കാറുണ്ട്. പ്രസ്തുത നിയമത്തിന്റെ 17-ാം വകുപ്പ് പ്രകാരം ലൈസൻസില്ലാതെയോ, ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായോ പ്രവർത്തിക്കുകയാണെങ്കിൽ 3 മാസം മുതൽ 3 വർഷം വരെ തടവോ 50,000 രൂപ പിഴയോ കോടതികൾക്ക് ശിക്ഷ വിധിക്കാവുന്നതാണ്.

(ബി) കേരള മണിലെൻഡേഴ്സ് ആക്ട്, 1958 വകുപ്പ് 7(1) പ്രകാരം ഒരു മണിലെൻഡർ കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്നതിൽ നിന്നും 2 ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടില്ല. പ്രസ്തുത വകുപ്പിന്റെ പ്രൊവിസോ പ്രകാരം കാലാകാലങ്ങളിൽ ഗവൺമെന്റ് വിജ്ഞാപന പ്രകാരം പലിശയുടെ നിരക്ക് തീരുമാനിക്കാവുന്നതാണ്. അപ്രകാരം 11-3-2005 തീയതി

LIBRARY ARCHIVES Kerala Legislative Assembly